പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 470

27.09.2016 - ൽ മറുപടിക്ക്

# കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദ സഞ്ചാരവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര നന്മ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കൺസ്യൂമർ ഫെഡറേഷൻ നടത്തുന്ന ഒരു നന്മ സ്റ്റോറും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. എന്നാൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന നന്മ സ്റ്റോറുകളിൽ, ഇപ്പോൾ 189 എണ്ണം പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | നന്മ സ്റ്റോറുകളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (ബി) | അർദ്ധ സർക്കാർ സ്ഥാപനമോ, സന്നദ്ധ സംഘടനകളോ, തദ്ദേശ സ്വയംഭരണ സ്ഥാപനമോ സഹകരണ സ്ഥാപനങ്ങളോ സർക്കാർ സ്ഥാപനമോ, വാടക രഹിതമായി സ്ഥലം അനുവദിച്ച സ്ഥലങ്ങളിലാണ് നന്മ സ്റ്റോറിന്റെ പ്രവർത്തനം ആരംഭിച്ചത്. കരാർ കാലാവധി അവസാനിച്ച മുറയ്ക്ക് ഇവയിൽ പലതും ഒഴിഞ്ഞ് കൊടുക്കുവാൻ കൺസ്യൂമർ ഫെഡറേഷൻ നിർബന്ധിതരായി. വില്പന കുറയുകയും, എല്ലാ നന്മ സ്റ്റോറുകളും തുടർച്ചയായ നഷ്ടത്തിലേയ്ക്ക് നീങ്ങുകയും ഉണ്ടായി. ജീവനക്കാരുടെ വേതനം, വൈദ്യുതി, ടെലിഫോൺ, യാത്രാപ്പടി എന്നീയിനങ്ങളിൽ വരുന്ന സംഖ്യ മുഴുവനായും കൺസ്യൂമർഫെഡിന്റെ ബാദ്ധ്യതയായി മാറുകയും ചെയ്തു. ഈ സാഹചര്യങ്ങൾ നന്മ സ്റ്റോറുകളുടെ പ്രവർത്തനം മന്ദീഭവിക്കുവാൻ ഇടയാക്കിയിട്ടുണ്ട്. |
| (സി) | കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ? | (സി) | കൺസ്യൂമർ ഫെഡറേഷനിലെ ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി ആവശ്യത്തിൽ കൂടുതൽ ഉള്ള താത്ക്കാലിക ജീവനക്കാരെ ഒഴിവാക്കിയും, നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന നന്മ സ്റ്റോറുകളുടെ പ്രവർത്തനം അവസാനിപ്പിച്ചും, ആവശ്യമില്ലാത്ത ഗോഡൗണുകൾ നിർത്തലാക്കിയും, അഴിമതി ഇല്ലാതാക്കി ഇ-ടെന്റർ വഴി സാധനങ്ങൾ വാങ്ങുകയും, പർച്ചേസ് പോളിസിയ്ക്ക് രൂപം നൽകുകയും, രൊക്കം പണം കൊടുത്ത് |

| | | | |
|---|---|---|---|
| | | | സാധനങ്ങൾ വാങ്ങിയും, നിലവിൽ ഉപയോഗയോഗ്യമല്ലാത്ത കെട്ടികിടക്കുന്ന സാധനങ്ങൾ വിൽപ്പന നടത്തിയും, കൺസ്യൂമർഫെഡിൽ ഘടനാപരമായി ചിട്ട വരുത്തിയും, പലിശ ചിലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ